കുടുംബകോടതി അയാളെ ശാസിച്ചു: മേലാൽ കുടുംബത്തോട് നല്ല രീതിയിൽ പെരുമാറണം. ശാരീരികമായും മാനസികമായും അവരെ അകാരണമായി പീഡിപ്പിക്കരുത്.''

അയാൾ മൂളിക്കേൾക്കുക മാത്രം ചെയ്തു.

കോടതി പിരിഞ്ഞു പുറത്തിറങ്ങുമ്പോൾ ആരെയും നോക്കാൻ അയാൾക്ക് മനസ്സു വന്നില്ല. എല്ലാവരോടും പകയായിരുന്നു. തനിക്കെന്താ കുറവ്? പണവും സൗകര്യവും സൗന്ദര്യവും ആരോഗ്യവും നല്ലതുപോലെയുണ്ട്. പിന്നെ ഞാൻ ആരെ വകവെക്കണം? എന്തിനു കീഴൊതുങ്ങണം?

ധിക്കാരമായിരുന്നു അയാളുടെ മനസ്സു നിറയെ.

സ്വജീവിതം ചാലിച്ചെടുത്ത കുടുംബത്തിന്റെ പാതിരൂപമാണ് ഭാര്യ. തന്റെ വികാര-വിചാരങ്ങളെ അനന്തരമെടുത്ത് അവളിലൂടെ വിരിഞ്ഞുവരുന്ന സൂനങ്ങളാകുന്നു തന്റെ കുരുന്നു മക്കൾ. അവരാണ് തന്റെ സൽപേരിനെ തലമുറകളോളം കാത്തുസൂക്ഷിക്കേണ്ടത്. അതിനാൽ തന്റെ ഉത്തമ സ്വഭാവവും സൗമനസ്യവും ഔദാര്യവും തമാശയും ശ്രദ്ധയും പരിഗണനയുമൊക്കെ ഏറെ അനുഭവിക്കേണ്ടത് ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബമാകുന്നു. അവരെ കഴിച്ചു മാത്രമേ ഒരാൾക്ക് രക്തബന്ധത്തിനുപരിയായ ബന്ധങ്ങൾക്ക് മേഖലയുള്ളൂ.

വിനയം, ഏളിമ. ഇവ പ്രഥമമായി പ്രകടിപ്പിക്കേണ്ടത് സ്വന്തം കുടുംബത്തിലാണ്. കാരണം, കുടുംബം എന്ന സ്ഥാപനത്തെ മുന്നോട്ട് നയിക്കുന്നതിൽ തന്റെ കഴിവിനുപരിയായ മികവിനാൽ സാരഥ്യം വഹിക്കുന്നവളാകുന്നു ഭാര്യ. ഒരു കുടുംബം വ്യത്യസ്തമായ രണ്ട് മേഖലകളുള്ളതാണ്. ഈ വ്യത്യസ്തതക്കനുസൃതമായാണ് ദൈവം സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ചത്. രണ്ടു പേർക്കും തങ്ങളുടെ കുടുംബത്തിൽ തുല്യ ഉത്തരവാദിത്ത്വവും അവകാശവുമാണുള്ളത്. ഒരാൾ മാത്രം അവിടെ നേതാവാകുന്നില്ല. അതിനാൽ രണ്ടു പേരും പരസ്പരം ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം.

പ്രവാചകൻ മുഹമ്മദ് പഠിപ്പിച്ചു: തന്റെ കുടുംബത്തോട് നല്ല രീതിയിൽ പെരുമാറുന്നവനാകുന്നു നിങ്ങളിൽ ഉത്തമൻ.

കുടുംബത്തോട് നല്ല സ്വഭാവത്തോടെ പെരുമാറുന്നത് ധർമമാകുന്നു. അതിലുപരി, കുടുംബത്തിന്റെ ആരോഗ്യകരമായ നടത്തിപ്പിൽ ഭാര്യക്കുള്ള പ്രോത്സാഹനം കൂടിയാണത്. അവളാണല്ലോ വീട് പരിപാലിക്കുന്നത്.

നല്ല സ്വഭാവമില്ലാതെ കുടുംബത്തോട് നല്ല രീതിയിൽ പെരുമാറുക സാധ്യമല്ല. അവിടെയാണ് വിനയവും ലാളിത്യവും പ്രകടമാകേണ്ടത്. പുറത്ത് മാന്യൻ, അകത്ത് പുലി എന്ന രീതി ഒരിക്കലും നല്ലതല്ല.

കുടുംബരംഗത്ത് ഏത് കാര്യത്തിനും ഭാര്യയുമായി കൂടിയാലോചിക്കുക. പെൺബുദ്ധിയിൽ ഉടലെടുക്കുന്ന ഉപായങ്ങൾ മിക്കപ്പോഴും ശക്തമായിരിക്കും.

ഭാര്യയിൽ കാണുന്ന തകരാറുകളെ നല്ല രീതിയിൽ തിരുത്തുക. പുരുഷന്റെ പരുഷസ്വഭാവത്തിലൂടെ തിരുത്തുന്നതിനെക്കാൾ എളുപ്പവും പ്രായോഗികവുമാണ് മൃദുലരീതിയിൽ സൽഭാഷണത്തിലൂടെ തിരുത്തുന്നത്. കാരണം സ്ത്രീയുടെ മനസ്സിന്റെ ഏറിയ ഭാഗവും പുരുഷന്റെ തൽപര്യത്തിനു ചുവട്ടിലാണ് നിലകൊള്ളുന്നത്. എത്ര കുപിതയാണെങ്കിലും ചുമലിൽ കൈവെച്ചുള്ള മധുമൊഴിയലിൽ തരളിതയാകാത്ത ഒരു സ്ത്രീയുമില്ല. പിന്നെ എന്തിന് വൈകാരികസ്വഭാവം പ്രകടിപ്പിക്കണം? കുടുംബ രംഗത്ത് തന്റെ പങ്കാളിയാണ് ഭാര്യ എന്ന ചിന്ത അടിസ്ഥാനപരമായി നാം ഉൾക്കൊള്ളുക. അതിനനുസരിച്ച് സ്വഭാവത്തിൽ ലാളിത്യം പ്രകടിപ്പിക്കുക.

പുറമെനിന്നുള്ള ടെൻഷനുകൾ, പ്രയാസങ്ങൾ, കൂട്ടുകാരിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങൾ, ജോലിസംബന്ധമായ പിരിമുറുക്കങ്ങൾ എന്നിവ വീടിനകത്തെ കലുഷമാക്കാനുള്ള സന്ദർഭമായി കാണരുത്. വാസ്തവത്തിൽ മനസ്സിന്റെ പ്രയാസങ്ങൾ ലഘൂകരിച്ചു തരുന്നവളാകുന്നു ഭാര്യ. ആ നിലക്ക് അവരെ മനസ്സിലാക്കുകയും സമീപിക്കുകയും വേണം.

മനസ്സിനെ ശാന്തമാക്കുക. എന്നിട്ട് ഭാര്യ നമ്മുടെ കുട്ടികളെ പെറ്റു പോറ്റുന്നതും അന്നം ഉണ്ടാക്കിത്തരുന്നതും നമ്മുടെ മുഷ്കിനു മുമ്പിൽ വ്രണപ്പെട്ട സ്വന്തം വികാരത്തെ സഹിക്കുന്നതും മറ്റു യാതനകൾ പേറുന്നതുമൊക്കെ ഒരു നിമിഷം ഓർക്കുക. ഇതൊക്കെ പോരേ അവളോട് നല്ല രീതിയിൽ പെരുമാറുവാൻ? ഇതൊക്കെ അവളുടെ അവകാശമാണെന്ന് ആരെങ്കിലും ശഠിച്ചാൽ എനിക്കുള്ള മറുചോദ്യം ഇതാണ്: ആ അവകാശത്തിനു പകരം ഒരു ബാധ്യത പുരുഷനുണ്ടല്ലോ, അതാണ് അവളോട് നല്ല രീതിയിൽ പെരുമാറണമെന്നത്. എങ്കിൽ കുടുംബക്കോടതികളിൽ വെച്ച് വികാരം വ്രണപ്പെടുത്തേണ്ടി വരില്ല.

മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിൽ ദൈവം അടിസ്ഥാനപരമായി സ്നേഹം നിക്ഷേപിച്ചത് ദമ്പതികൾക്കിടയിലാകുന്നു. ഈ സ്നേഹമാണ് കുടുംബത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായിക്കുന്നത്. അത് ഇല്ലാതാകുന്നതോടെ കുടുംബത്തിന്റെ താളം തെറ്റുന്നു. മറ്റുള്ളവരോട് നാം പ്രകടിപ്പിക്കുന്ന വികാരങ്ങളൊക്കെ അതിനെത്രയോ താഴെയാണ്. എന്നാൽ കുടുംബരംഗത്ത് ദൈവികവിശുദ്ധിയുള്ള സ്നേഹത്തെക്കുറിച്ച് ആരും ബോധവാന്മാരല്ല.